(ഡി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നത് തെളിയിക്കുന്നതിലും പോലീസിനെ കാര്യക്ഷമമാക്കുന്നതിലും വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; നിലവിലുള്ള നിയമങ്ങളും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിലെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010 മുതൽ 2015 വരെയുള്ള എൻ.സി.ആർ.ബി യുടെയും എസ്. സി. ആർ. ബിയുടെയും കണക്കുകൾ പ്രകാരം കൊലപാതകം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ യുള്ള അതിക്രമങ്ങളും കവർച്ചയും അഴിമതികളും കുറ്റകൃത്യങ്ങളും ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണുന്നില്ല.

(സി) സംസ്ഥാനത്തെ നിലവിലെ പോലീസ് സംവിധാനം കാര്യക്ഷമമാണ്.

(ഡി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും പോലീസിനെ കാര്യക്ഷമമാക്കുന്നതിലും വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ മനുഷ്യാവകാശ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്.

വർഗ്ഗീയ സംഘട്ടനങ്ങൾ

195(1939) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ വികാരം ഇളക്കി വിടാൻ ശ്രമിച്ച എത്ര പേരെ ഈ സർക്കാരിന്റെ കാലത്ത് അറസ്റ്റ് ചെയ്തുവെന്നും ഏതെല്ലാം സംഘടനകളെ നിയമ വിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ നിരോധിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വർഗ്ഗീയ വികാരം ഇളക്കിവിടാൻ ശ്രമിച്ചത് സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്ത് ആകെ 253 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിയമവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ ഒരു സംഘടനയെയും നിരോധിച്ചിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലത്ത് ആകെ 143 വർഗ്ഗീയ സംഘട്ടന ങ്ങളുണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം സിറ്റി	-	1
തിരുവനന്തപുരം റൂറൽ	-	19
കൊല്ലം റൂറൽ	-	1
കാസർഗോഡ്	-	122
ആകെ		143

കുട്ടികളെ തട്ടിക്കൊണ്ടുപോകൽ

196 (1940). ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ കച്ചവടം ചെയ്യുന്നത് വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കുട്ടികളെ തട്ടിക്കൊണ്ടുപോയി കച്ചവടം നടത്തുന്ന ഏജന്റുമാർ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മലപ്പുറം ജില്ലയിൽ ഒരു കുട്ടിയെ കച്ചവടം ചെയ്യാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ 13/2011 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റും, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റും എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടേയും, കൂടാതെ ചൈൽഡ് ലൈൻ പോലെയുള്ള മറ്റ് സംഘടനകളുമായി സഹകരിച്ച് റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, തൊഴിൽ സ്ഥാപനങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവയിൽ കുട്ടികൾക്കെതിരെയുണ്ടാകുന്ന ഇത്തരം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നിരന്തരം പരിശോധന നടത്തിയും നിരീക്ഷിച്ചും വരുന്നുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly